**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2679** | **22-01-2021 - ൽ മറുപടിയ്ക്ക്**

**ആദിവാസി വിഭാഗങ്ങൾക്ക് പി.എസ്.സി പരീക്ഷകൾക്കുള്ള പരിശീലനം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ്** | | **Shri A. K. Balan<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി)** | |
| (എ) | ആദിവാസി വിഭാഗങ്ങൾക്ക് സർക്കാർ ജോലി പ്രാപ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി അവർക്ക് പി.എസ്.സി. പരീക്ഷകൾക്കുള്ള പരിശീലനം നൽകുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പി.എസ്.സി. പരീക്ഷക്ക് വേണ്ടിയുള്ള അടിസ്ഥാന ക്ലാസ്സുകളും, പ്രത്യേക പരീക്ഷ കേന്ദ്രീകരിച്ചുള്ള ക്ലാസ്സുകളും ഇവർക്കായി സംഘടിപ്പിക്കുന്നുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ആരുടെ സഹകരണത്തോടെയാണ് പ്രസ്തുത ക്ലാസ്സുകൾ സംഘടിപ്പിച്ചിട്ടുള്ളതെന്നും ഇതിനകം എത്ര പേർക്ക് പരിശീലനം നൽകിയെന്നും എത്ര പേർ പി.എസ്.സി. ലിസ്റ്റിൽ ഉൾപ്പെട്ടുവെന്നും വ്യക്തമാക്കുമോ? | (സി) | വിവിധ സർക്കാർ/സർക്കാർ ഇതര സ്ഥാപനങ്ങളുടെ സഹകരണത്തോടെ ജില്ലാതലത്തിലാണ് പരിശീലനം നൽകി വരുന്നത്. ആകെ പരിശീലനം ലഭിച്ചവരുടെ എണ്ണവും, എത്രപേർ പി.എസ്.സി ലിസ്റ്റിൽ ഉൾപ്പെട്ടു എന്ന വിവരവും ക്രോഡീകരിച്ചിട്ടില്ല. എന്നാൽ ഈ സർക്കാരിന്റെ കാലത്ത് പി.എസ്.സി മുഖേന സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി 46 വകുപ്പുകളിലായി 1487 പട്ടികവർഗ്ഗ വിഭാഗത്തിലെ ഉദ്യോഗാർത്ഥികൾക്ക് സർക്കാർ മേഖലയിൽ തൊഴിൽ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ